**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3685** **27-06-2024 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ സെക്യൂരിറ്റി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഏതൊക്കെ മാരക രോഗങ്ങൾ ബാധിച്ചവർക്കാണ് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ധനസഹായം നൽകി വരുന്നതെന്നും എത്ര തുക വീതമാണ് നൽകുന്നതെന്നും വിശദമാക്കുമോ; | (എ) | മാരക രോഗങ്ങൾ ബാധിച്ചവർക്ക് കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇതിനായുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ എങ്ങനെയാണെന്നും എന്തൊക്കെയാണ് ഉൾക്കൊള്ളിക്കേണ്ടതെന്നും വ്യക്തമാക്കുമോ? | (ബി) | അപേക്ഷിക്കേണ്ട നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം I</u>

<u>സമാശ്വാസം -I ( ഡയാലിസിസ് )</u>

വൃക്ക തകരാറുമൂലം മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസ് വേണ്ടി വരുന്ന ബി.പി.എൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് പ്രതിമാസം 1100/- രൂപ നിരക്കിൽ ചികിത്സ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം -I ( ഡയാലിസിസ്),

<u>സമാശ്വാസം – 2</u>

വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള വർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായമായി അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം – 2. ഈ ധനസഹായം ശസ്ത്രക്രിയ കഴിഞ്ഞ തിയതി മുതൽ 5 വർഷം വരെ മാത്രമായിരിക്കും.

<u>സമാശ്വാസം – 3 (ഹീമോഫീലിയ)</u>

മനുഷ്യശരീരത്തിൽ രക്തം കട്ട പിടിക്കാൻ ആവശ്യമായ ക്ലോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവുമൂലം ഹീമോഫീലിയയും, അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് വരുമാന പരിധി ബാധകമാക്കാതെ പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം – 3 (ഹീമോഫീലിയ).

<u>സമാശ്വാസം പദ്ധതി –4 (സിക്കിൾസെൽ അനീമിയ)</u>

അരിവാൾ രോഗം ബാധിച്ച നോൺട്രൈബൽ വിഭാഗത്തിലെ ബി.പി.എൽ/ ഒരു ലക്ഷം രൂപക്ക് താഴെ വരുമാനമുള്ളവരുമായ രോഗികൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി –4 (സിക്കിൾസെൽ അനീമിയ)

<u>ആശ്വാസകിരണം പദ്ധതി</u>

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100 ശതമാനം അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും കാൻസർ മുതലായ പലവിധരോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള ആളുകളെയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം.

<u>വി കെയർ പദ്ധതി</u>

മാരക രോഗം ബാധിച്ച് ജീവൻ രക്ഷാ ചികിത്സയും, ജീവൻ രക്ഷാ ശസ്ത്രക്രിയയും ആവശ്യമുള്ളവർക്ക് ചികിത്സാ ധനസഹായം അനുവദിച്ചുവരുന്ന പദ്ധതിയാണ് വി കെയർ പദ്ധതി. പദ്ധതിയുടെ മെഡിക്കൽ എക്സ്പേർട്ട് കമ്മിറ്റിയുടെ ശിപാർശയും, അപേക്ഷകരുടെ

സാമൂഹിക സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് വി കെയർ പദ്ധതി മാനദണ്ഡ പ്രകാരം പരിഗണിക്കുവാൻ കഴിയുന്ന അപേക്ഷകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപ വരെ ധനസഹായം അനുവദിച്ചുവരുന്നു.

## അനുബന്ധം II

സമാശ്വാസം –I ( ഡയാലിസിസ് )

- അപേക്ഷകന്റെ ബി.പി.എൽ റേഷൻ കാർഡിന്റെ പകർപ്പ്.
- രോഗി മാസത്തിൽ ഒരു തവണയെങ്കിലും ഡയാലിസിസിന് വിധേയമാകുന്നുവെന്നുള്ള സർക്കാർ/സ്വകാര്യ ആശുപത്രിയിലെ വൃക്കരോഗ വിദഗ്ധർ നൽകുന്ന ഡയാലിസിസ് ആരംഭിച്ച തീയതി കൂടി രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ്.
- അപേക്ഷകന്റെ പേരിലുള്ള നാഷണലൈസ്ഡ് ബാങ്ക് പാസ്സ്ബുക്ക്, ആധാർകാർഡ് എന്നിവയുടെ പകർപ്പ്
- നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് (സി.ഡി.പി.ഒ) നൽകേണ്ടതും, ബന്ധപ്പെട്ട ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം കേരള സാമൂഹ്യ സുരക്ഷ മിഷനിൽ ലഭ്യമാക്കേണ്ടതാണ്. അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നു.

സമാശ്വാസം – 2

- വൃക്ക/കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി തുടർ ചികിത്സ നടത്തുന്നയാളാണെന്ന് ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്, ഡിസ്ചാർജ് ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
- വാർഷിക വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകേണ്ടതും, ബന്ധപ്പെട്ട ഓഫീസർ അന്വേഷണം നടത്തി ശുപാർശ സഹിതം കേരള സാമൂഹ്യ സുരക്ഷ മിഷനിൽ ലഭ്യമാക്കേണ്ടതാണ്. അർഹരായവർക്ക് ധനസഹായം അനുവദിക്കുന്നു.

സമാശ്വാസം – 3 (ഹീമോഫീലിയ)

- ഹീമോഫീലിയരോഗിയാണെന്ന് ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ്
- അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് ഉൾപ്പെടെ നിശ്ചിതഫോറത്തിൽ അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചുതരേണ്ടതാണ്. ടി അപേക്ഷ ആവശ്യമായ പരിശോധന നടത്തി അർഹരായവർക്ക് ആനുകൂല്യം അനുവദിക്കുന്നു.

സമാശ്വാസം പദ്ധതി -4 (സിക്കിൾസെൽ അനീമിയ)

- സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത അരിവാൾ രോഗം ബാധിച്ച ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ രോഗബാധിതരാണ് ഗുണഭോക്താക്കൾ.
- അപേക്ഷകർ അരിവാൾ രോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC ( High Performing Liquid Chromatography) വഴി കണ്ടെത്തിയവരായിരിക്കണം. ബന്ധപ്പെട്ട മെഡിക്കൽ കോളേജ് പത്തോളജി വിഭാഗത്തിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ആശ്വാസകിരണം പദ്ധതി

- കുടുംബ വാർഷിക വരുമാനം മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 22375/- രൂപയും, പഞ്ചായത്തുകളിൽ 20000 രൂപയും വരെയും അപേക്ഷിക്കാം
- മാനസികരോഗികൾ, ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഇവ ബാധിച്ചവരുടെ കാര്യത്തിൽ വരുമാന പരിധി ബാധകമല്ല
- വരമാനം തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ ബി.പി.എൽ റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് രോഗിയുടെ പേരിൽ ഹാജരാക്കണം.
- അപേക്ഷയോടൊപ്പമുള്ള നിർദ്ദിഷ്ട മാതൃകയിൽ സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്
- വിധവ ,വാർദ്ധക്യ, കർഷക തൊഴിലാളി, മറ്റ് ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്കും ആശ്വാസകിരണം ആനുകൂല്യം ലഭ്യമാകുന്നതാണ്.

അപേക്ഷകൾ വനിതാശിശുവികസന വകുപ്പിലെ സി.ഡി.പി.ഒ സൂപ്പർവൈസർ മാർ, അംഗൻവാടി വർക്കർമാർ എന്നിവരിൽ നിന്നും കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റ്/ഓഫീസിൽ നിന്നും ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ സമീപമുള്ള അംഗൻവാടികളിലോ ശിശുവികസന ഓഫീസിലോ നൽകാവുന്നതാണ്.

വി കെയർ പദ്ധതി

വെള്ള കടലാസിൽ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പരും എഴുതി തയ്യാറാക്കിയ അപേക്ഷ, ആധാർ കാർഡ് പകർപ്പ്, റേഷൻ കാർഡ് പകർപ്പ്, വരുമാന സർ ട്ടിഫിക്കറ്റ് ( എ.പി. എൽ വിഭാഗം മാത്രം - രണ്ട് ലക്ഷം രൂപ വരെ വരുമാന പരിധി), ചികിത്സയും ചികിത്സാ ചെലവും സംബന്ധിക്കുന്ന രേഖകൾ, സ്കാനിംഗ് റിപ്പോർട്ടുകൾ, ചികിത്സ സ്വകാര്യ ആശുപത്രിയിൽ ആണെങ്കിൽ ഗവ:ആശുപത്രിയിലെ മെഡിക്കൽ വിദഗ്ധരുടെ റഫർ

കത്ത്, മരുന്നുകൾക്ക് ( മരുന്നിന്റെ അളവും ഉപയോഗിക്കേണ്ട കാലയളവും ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.